## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2315** **09-03-2018-ൽ മറുപടിക്ക്**

## വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർ നിയമനം

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചു | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം GO (MS) No.43/17/F&WLD തിയതി 13/09/2017 പ്രകാരം 10 ഫോറസ്റ്റ് സ്റ്റേഷനുകൾ തുടങ്ങിയെങ്കിലും ശേഷം ആവശ്യമായ തസ്തികകൾ അനുവദിക്കപ്പെടാത്തതിനെ തുടർന്ന് GO (MS) No.55/17/F&WLD തിയതി 20/12/2017 പ്രകാരം ടി തീരുമാനം റദ്ദാക്കുകയുണ്ടായി |
| (ബി) | പ്രസ്തുത ഫോറസ്റ്റ് സ്റ്റേഷനുകളിലേക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | സ്റ്റേഷനുകൾ, തസ്തികകൾ ഉൾപ്പെടെ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ പുതുതായി നിയമിച്ചിട്ടുണ്ടോ; നിലവിലുള്ള തസ്തികകളിലാണോ ഇവരെ നിയമിച്ചത്; | (സി) | വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ പുതുതായി നിലവിലുള്ള തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. |
| (ഡി) | വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ ഒറ്റയ്ക്ക് ഉൾവന പ്രദേശങ്ങളിൽ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) | ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അടിയന്തിര ഘട്ടങ്ങളിൽ ഉൾവന പ്രദേശങ്ങളിൽ സേവനം അനിവാര്യമായി വരുന്ന സാഹചര്യത്തിൽ പുരുഷ സംരക്ഷണ വിഭാഗക്കാരുടെയും വാച്ചർമാരുടെയും നേതൃത്വത്തിൽ ഇവരുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള അനുയോജ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തിക അധിക തസ്തികയായി സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല |

Sureni

സെക്ഷൻ ഓഫീസർ